**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1466          14/06/2013-ൽ മറുപടിയ്ക്ക്

**ഹോർട്ടി കൾച്ചർ മിഷനുവേണ്ടി ബജറ്റിൽ വകയിരുത്തിയ തുക**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഹോർട്ടി കൾച്ചർ മിഷനുകീഴിൽ വിവിധ വികസന പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ എത്ര കോടി രൂപ നാളിതുവരെ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ; | എ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2007-08 മുതൽ 2013 ഏപ്രിൽ 30 വരെ ആകെ അനുവദിച്ച 54.84 കോടി രൂപയിൽ 50.68 കോടി രൂപയും ഹൈടെക് ഫാമിംഗ് പദ്ധതിയ്ക്കായി 2012-13 ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും ലഭിച്ച 5.075 കോടി രൂപയിൽ 4.60 കോടി രൂപയും, പച്ചക്കറി വികസന പദ്ധതിയ്ക്കായി 2012-13 ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും ലഭിച്ച 4.894 കോടി രൂപയിൽ 3.2 കോടി രൂപയും നാളിതുവരെ ചെലവഴിച്ചു. |
| ബി) പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത് ? | ബി) ഹോർട്ടിക്കൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും, ഉത്പാദന വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങൾ ആരംഭിക്കുക, കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം, ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുക, സംയോജിത സസ്യസംരക്ഷണമുറകൾ നടപ്പിലാക്കുക, സംരക്ഷിത കൃഷി നടപ്പിലാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, വിളവെടുപ്പാനന്തര പരിപാലനം, ഹോർട്ടിക്കൾച്ചർ മേഖലയിലെ |

യന്ത്രവത്ക്കരണം, ഉത്പ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉയർന്ന വില ലഭിക്കുന്നതിനും ഗ്രേഡിംഗ് പായ്ക്കിംഗ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം, ഗ്രാമീണ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മാനവവിഭവശേഷി വികസനം, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നീ ഘടകങ്ങളടങ്ങിയ ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയും, ഹൈടെക് ഫാമിംഗ് പദ്ധതിയും, പച്ചക്കറി വികസന പദ്ധതിയുമാണ് ഈ തുക ഉപയോഗിച്ച് നടപ്പിലാക്കിയത്.

Snshams
**സെക്ഷൻ ഓഫീസർ**